# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം . 1834. 17/12/2012 - ലെ മറുപടിക്ക്

## ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ നിയമനത്തിന് യോഗ്യതാ പരീക്ഷയുടെ അടിസ്ഥാനത്തിൽ വെയിറ്റേജ് നൽകുന്ന നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കൃഷ്ണൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) പി. എസ്. സി. മുഖേന ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ നിയമനത്തിന് റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ യോഗ്യതാപരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ വെയിറ്റേജ് മാർക്ക് നല്കുന്ന ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടപടിച്ചട്ടങ്ങളിലെ റൂൾ 11 (2) പ്രകാരം ഒരു തസ്തികയുടെ തിരഞ്ഞെടുപ്പിനായിട്ടുള്ള ബെയ്സിസ് ഓഫ് മാർക്കിംഗ് നിശ്ചയിക്കാനുള്ള അധികാരം കമ്മീഷനിൽ നിക്ഷിപ്തമാണ്. കോളേജ് അദ്ധ്യാപകരുടെയും, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി അദ്ധ്യാപകരുടെയും തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഒരു പ്രത്യേക വിഷയത്തിൽ ബിരുദം അഥവാ ബിരുദാനന്തര ബിരുദം (വ്യത്യസ്ത യോഗ്യതകൾ ഉദാ: ബി.ടെക്/എം. ടെക്) അടിസ്ഥാന യോഗ്യത ആയിരിക്കുകയും എഴുത്തുപരീക്ഷ /OMR പരീക്ഷയുടെയും ,അഭിമുഖ്യത്തിന്റെയും അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തികരിക്കുകയും ചെയ്യുന്ന തസ്തികകൾക്ക് അക്കാഡമിക് മാർക്ക് വെയിറ്റേജിന് പരിഗണിക്കുന്നതല്ല. എന്നാൽ HSST തസ്തികയുടെ അടിസ്ഥാനയോഗ്യതയായി |

(..2)

പറഞ്ഞിരിക്കുന്നത് ഒരു പ്രത്യേക വിഷയത്തിലുള്ള ബിരുദം അഥവാ ബിരുദാനന്തര ബിരുദം (വ്യത്യസ്ഥ യോഗ്യതകളല്ല) ആണെങ്കിൽ അക്കാഡമിക് പരീക്ഷയുടെ മാർക്കിന് വെയിറ്റേജ് നൽകുന്നുണ്ട്.

Basis of Marking താഴെ പറയും പ്രകാരമാണ്.

Percentage of Marks for Written Test + credit for academic marks out of 50 (ie half of the percentage of marks obtained in the qualifying examination ) + Interview marks out of 30 (10 marks out of the interview marks will be given as weightage as follows:-)

1) Non qualifying Mphil-2marks
2) Non qualifying PhD-4 marks
3) Both Mphil&phD-5 marks
4) Post Doctoral Degree-5 marks

(ബി) വെയിറ്റേജ് മാർക്ക് നൽകുന്നതിലുള്ള അപാകതകൾ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത്; വിശദമാക്കുമോ;

(ബി) HSST തസ്തികയുടെ തെരഞ്ഞെടുപ്പിന് യോഗ്യതാമാർക്കിന് വെയിറ്റേജ് നൽകുന്നത് നിർത്തലാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ലഭ്യമായ പരാതികൾ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ പരിഗണനയിലാണ്.

(സി) പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(സി) ഉത്തരവ് റദ്ദ് ചെയ്തിട്ടില്ല. വെയിറ്റേജ് മാർക്ക് നിലവിൽ നൽകി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ.